## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3151. 13.07.2015 ൽ മറുപടിയ്ക്ക്.**

**പ്രീപെയ്ഡ് ഓട്ടോറിക്ഷ /ടാക്സികൗണ്ടറുകളുടെ നിരക്ക്**

| ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രീപെയ്ഡ് ഓട്ടോറിക്ഷ / ടാക്സി കൗണ്ടറു കളുടെ നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ളത് ആരാണ് ; ഇത്തരം കൗണ്ടറുകളുടെ യാത്രാക്കൂലി നിരക്ക് ചില സ്ഥലങ്ങളിൽ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 17.10. 2014-ലെ സ.ഉ.(പി) നം: 74/2014/ഗതാ നമ്പർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള ഓട്ടോ-ടാക്സി നിരക്കുകൾ ആണ് സംസ്ഥാനത്തു ടനീളം ബാധകമായിട്ടുള്ളത്. പ്രീ-പെയ്ഡ് ഓട്ടോറിക്ഷ/ടാക്സി കൗണ്ടറുകൾ പോലീസിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കു -ന്നത്. പ്രീ-പെയ്ഡ് ഓട്ടോ - ടാക്സി നിരക്ക് പ്രത്യേകമായി ഗതാഗത വകുപ്പ് നിശ്ചയിച്ചു നല്കിയിട്ടില്ല. യാത്രാക്കൂലി നിരക്ക് കൂടുതലാണെന്ന് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിലെ യാത്രാ നിരക്ക് നിശ്ചയിച്ച് നൽകുന്നതിൽ മോട്ടോർ വാഹന വകുപ്പിന്റെ അഭിപ്രായം തേടാറുണ്ടോ; ഇല്ലെങ്കിൽ മോട്ടോർ വാഹന വകുപ്പിന്റെ കൂടി ശ്രദ്ധ ഈ സംവിധാനത്തിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല ; ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ബസ്സുകളുടെ ഫെയർ സ്റ്റേജ് നിശ്ചയിക്കുന്ന മാതൃകയിൽ കിലോമീറ്റർ കണക്കാക്കി ഈ സംവിധാനത്തിലെ യാത്രാനിരക്ക് പുനർ നിർണ്ണയം നടത്തുന്ന കാര്യം പരിഗണിയ്ക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.